**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4197** **03-03-2023 - ൽ മറുപടിയ്ക്ക്**

**കള്ള് ഷാപ്പുകളുടെ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കള്ള് ഷാപ്പുകളുടെ ലൈസൻസ് പുതുക്കുന്നതിനും ലേലത്തിൽ പങ്കെടുക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | കേരളാ അബ്കാരി ഷോപ്പ് ഡിസ്പോസൽ റൂൾസ് 2002–ലെ വ്യവസ്ഥകൾക്ക് അനുസൃതമായും കാലാകാലങ്ങളിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന മദ്യനയത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായുമാണ് സംസ്ഥാനത്ത് കള്ളുഷാപ്പുകൾ നടത്തപ്പെടുന്നത്. സംസ്ഥാനത്തെ കള്ളുഷാപ്പുകളിൽ കള്ള് വിൽക്കുന്നതിനുള്ള അവകാശം 2020-21 മുതൽ മൂന്ന് വർഷക്കാലയളവിലേക്ക് വില്പന നടത്തുവാനാണ് 2020-21 വർഷത്തെ മദ്യനയത്തിൽ അനുവദിച്ചിരുന്നതെങ്കിലും ഓരോ അബ്കാരി വർഷവും ആരംഭിക്കുന്നതിന് മുമ്പ് അതാത് വർഷത്തെ റെന്റൽ തുക ഈടാക്കി ലൈസൻസ് പുതുക്കിനൽകുകയാണ് ചെയ്തുവരുന്നത്.കള്ളുഷാപ്പ് ലൈസൻസികൾക്ക് അയോഗ്യതയൊന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ ടി ലൈസൻസികൾക്ക് ലൈസൻസ് പുതുക്കി നൽകുകയും അയോഗ്യതയുണ്ടാകുന്ന പക്ഷം ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർവില്പന നടത്തുകയുമാണ് ചെയ്യുന്നത്. കള്ളുഷാപ്പുകൾ വിജ്ഞാപനം ചെയ്യപ്പെട്ട റെന്റൽ തുക ഈടാക്കി ജില്ലാകളക്ടർമാരാണ് വില്പന നടത്തുന്നത്. മുഴുവൻ റെന്റൽ തുകയ്ക്ക് വില്പനയിൽ പോകാത്ത കള്ളുഷാപ്പുകൾ 50 % റെന്റൽ തുകയ്ക്ക് വില്പന നടത്തുകയും അപ്രകാരവും വില്പനയിൽ പോകാത്ത ഗ്രൂപ്പുകളുടെ നടത്തിപ്പ് ഷാപ്പ് ഒന്നിന് 500/- രൂപ വീതം ഈടാക്കി തൊഴിലാളി കമ്മിറ്റികളെ ഏല്പിക്കുകയുമാണ് നിലവിലെ മദ്യനയത്തിന് അനസൃതമായി ചെയ്തുവരുന്നത്.<br><br>തൃശ്ശൂർ ഡിവിഷനിലെ അഞ്ച് റെയ്ഞ്ചുകളിലെ കള്ളുഷാപ്പുകൾ റെയ്ഞ്ച് അടിസ്ഥാനത്തിലും സംസ്ഥാനത്തെ മറ്റ് റെയ്ഞ്ചുകളിലെ |

| | | | |
|---|---|---|---|
| | | | കള്ളുഷാപ്പുകൾ ഗ്രൂപ്പടിസ്ഥാനത്തിലുമാണ് വില്പന നടത്തിവരുന്നത്. ഒരു ലൈസൻസിക്ക് മുൻഗണനാവകാശത്തിൽ ഒരു ഗ്രൂപ്പ് ഉൾപ്പെടെ പരമാവധി രണ്ട് ഗ്രൂപ്പുകളാണ് നടത്തുവാൻ അനുമതിയുള്ളത്. |
| (ബി) | കഴിഞ്ഞ മൂന്ന് വർഷമായി കള്ള് ഷാപ്പുകൾ നടത്തികൊണ്ടിരിക്കുന്നവർക്ക് മാത്രമേ എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | കള്ളുഷാപ്പുകളുടെ വില്പനയിൽ പങ്കെടുക്കുന്നവരിൽ 2019-20 വർഷം വിജയകരമായി കള്ളുഷാപ്പുകൾ നടത്തിയവർക്കും ഇപ്രകാരം കള്ളുഷാപ്പ് നടത്തിയവർക്കെതിരെ കേരള അബ്കാരി ആക്റ്റ് സെക്ഷൻ 56 ഒഴികെയുള്ള വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളവരിൽ ഇതേ വർഷം തന്നെ കോടതി കുറ്റവിമുക്തരാക്കിയവർക്കും കള്ളുഷാപ്പുകളുടെ വില്പനയിൽ മുൻഗണന നൽകി വരുന്നു. ഇപ്രകാരം മുൻഗണനാവകാശം ലഭ്യമാകുന്നതിന് കഴിഞ്ഞ മൂന്ന് വർഷമായി കള്ളുഷാപ്പുകൾ നടത്തണമെന്ന് നിർബന്ധമില്ല. |
| (സി) | നേരത്തേ കള്ള് ഷാപ്പുകൾ നടത്തി പരിചയമുള്ളവർക്കും പുതിയതായി ഈ മേഖലയിൽ കടന്നുവരാൻ ആഗ്രഹിക്കുന്നവർക്കും കള്ള് ഷാപ്പുകളുടെ ലേലത്തിൽ പങ്കെടുക്കുവാൻ അവസരമൊരുക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | ഇത്തരം കാര്യങ്ങൾ മദ്യനയരൂപീകരണവേളയിലാണ് പരിശോധിക്കപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ